പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3053 — 10.12.2018-ൽ മറുപടിക്ക്

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം<br>,, എം. രാജഗോപാലൻ<br>,, കെ. ബാബു<br>,, മുരളി പെരുനെല്ലി | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ പ്രകാരം ക്വാളിറ്റി ഓഡിറ്റിംഗ് നടത്തുന്നതിന് എവിടെയെല്ലാമാണ് ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി നടത്തി വരുന്ന സോഷ്യൽ ഓഡിറ്റിംഗ്, ടെക്നിക്കൽ ഓഡിറ്റിംഗ് എന്നിവയുടെ വിശദാംശം നൽകുമോ: | (ബി) മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനു നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.1/2018/പൊ.മ.വ തീയതി 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് e-tender വഴി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു |

വരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

(സി) ഗുണനിലവാര പരിശോധനകളിൽ ന്യൂനത കണ്ടെത്തുന്ന കേസ്സുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

(സി) ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ കരാറുകാരൻ സ്വന്തം ചെലവിൽ തന്നെ പരിഹരിക്കേണ്ടതാണ്. പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നല്കാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ